AIM HIGH, TOGETHER WE FLY

# THE VILLAGE
INTERNATIONAL SCHOOL

"We Nurture Dreams"

| | | |
|---|---|---|
| **LANGUAGE-2**<br>**GRADE -X** | **TERM-1 EXAMINATION**<br>**MALAYALAM** | **MAX MARKS-80**<br>**TIME-3Hrs** |

## എ വിഭാഗം/SECTION A

| | | |
|---|---|---|
| **1** | ഖണ്ഡിക വായിച്ച് ചുവടെയുള്ള ചോദ്യങ്ങളിൽ **8** എണ്ണത്തിന് ശരി ഉത്തരം എഴുതുക | **1*8=8** |
| | പദ്യസാഹിത്യത്തിലെ ഒരു വിഭാഗമാണ് സന്ദേശകാവ്യങ്ങൾ.പരസ്പരം വേർപിരിഞ്ഞിരിക്കുന്ന നായിക നായകന്മാരിൽ ഒരാൾ ദൂതൻ വഴി തന്റെ സന്ദേശം മറ്റൊരാൾക്ക് എത്തിക്കുകയാണ് സന്ദേശകാവ്യങ്ങളുടെ രീതി. വാല്മീകി രാമായണത്തിലെ കിഷ്കിന്ധാകാണ്ഡത്തിൽ ശ്രീരാമൻ ഹനുമാന്റെ പക്കൽ സീതയ്ക്ക് ദൂത് നൽകുന്നതും നള-ദമയന്തി കഥയിൽ ദൂതുമായി പോകുന്ന ഹംസവുമെല്ലാം സന്ദേശ കാവ്യത്തിന്റെ ആദ്യകാല മാതൃകകളാണ്. സംസ്കൃതത്തിൽ നിന്ന് മലയാളത്തിലേക്ക് കടന്നുവന്ന ഒരു സാഹിത്യ പ്രസ്ഥാനമാണ് ഇത്. കാളിദാസന്റെ മേഘദൂതിന്റെ അനുകരണങ്ങളായിത്തന്നെയാണ് ഇവ ഭാഷയിൽ പ്രത്യക്ഷപ്പെട്ടത്. കഥാഘടനയിൽ വ്യത്യാസങ്ങൾ ഇല്ല. നായികാ നായകന്മാരും സന്ദേശ വാഹകരും വ്യത്യാസപ്പെടുന്നു എന്നുമാത്രം. പ്രണയ പരവശരായ സ്ത്രീപുരുഷന്മാർ വിധിവശാൽ പിരിഞ്ഞിരിക്കേണ്ടി വരിക,വിരഹത്തിൽ ആമഗ്നനായ കാമുകൻ കാമുകിക്ക് ഒരു സന്ദേശം എത്തിക്കുവാൻ ഒരു വസ്തുവിനെയോ വ്യക്തിയെയോ കണ്ടെത്തി തന്റെ സന്ദേശം എത്തിക്കുവാൻ അഭ്യർത്ഥിക്കുക,അങ്ങനെ ഇരുവരുടെയും ഉത്കണ്ഠയ്ക്ക് ശമനം വരുത്തുക-ഇതാണ് സന്ദേശകാവ്യങ്ങളുടെ മൗലിക ഘടന. നായകൻ,നായിക,സന്ദേശവാഹകൻ-ഇവരാണ് മുഖ്യ കഥാപാത്രങ്ങൾ. സന്ദേശകാവ്യത്തിന് രണ്ട് ഭാഗങ്ങളുണ്ട്- പൂർവഭാഗവും ഉത്തരഭാഗവും.പൂർവ്വ ഭാഗത്ത് സന്ദേശം അയക്കാനുള്ള കാരണം,സന്ദേശവാഹകനെ കണ്ടെത്തിയ സന്ദർഭം, മാർഗ്ഗവിവരണം ഇവയും ഉത്തരഭാഗത്ത് നായികയുടെ വാസസ്ഥലവർണ്ണന,നായിക വർണ്ണന,സന്ദേശം ഇവയും ഉൾപ്പെടുന്നു. മന്ദാക്രാന്ത വൃത്തമാണ് സന്ദേശകാവ്യങ്ങളിൽ സ്വീകരിക്കാറുള്ളത്.സന്ദേശകാവ്യങ്ങളിലെ അംഗിയായ രസം ശൃംഗാരമാണ്.മലയാളഭാഷയിൽ ഉണ്ടായിട്ടുള്ള പ്രധാന സന്ദേശകാവ്യങ്ങൾ ഉണ്ണുനീലി സന്ദേശം,ചക്രവാക സന്ദേശം,മയൂര സന്ദേശം, ഭൃംഗസന്ദേശം,ഹംസ സന്ദേശം,കോകില സന്ദേശം,ഗരുഡ സന്ദേശം തുടങ്ങിയവയാണ് | |
| a | സന്ദേശകാവ്യങ്ങൾ ഏത് സാഹിത്യ വിഭാഗത്തിൽ ഉൾപ്പെടുന്നു<br>1. ഗദ്യ സാഹിത്യം 2. കഥാസാഹിത്യം 3. പദ്യ സാഹിത്യം<br>4.സഞ്ചാരസാഹിത്യം | |
| b | സന്ദേശകാവ്യങ്ങളിലെ അംഗിയായ രസം ഏത്<br>1. ശൃംഗാരം 2. കരുണം 3. ഹാസ്യം 4. വീരം | |

| | | |
|---|---|---|
| c | സന്ദേശകാവ്യങ്ങൾക്ക് പൊതുവായി എത്ര ഭാഗങ്ങളുണ്ട്<br>1. മൂന്ന് 2. നാല് 3. രണ്ട് 4. അഞ്ച് | |
| d | സന്ദേശകാവ്യങ്ങളിൽ ഉൾപ്പെടാത്തത് ഏത്<br>1. ഉണ്ണുനീലി സന്ദേശം 2. ഹംസ സന്ദേശം 3. ഉണ്ണിയാടി ചരിതം 4. മയൂര സന്ദേശം | |
| e | സന്ദേശകാവ്യങ്ങളിലെ പ്രധാന കഥാപാത്രങ്ങൾ ആരെല്ലാം<br>1. നായിക,നായകൻ,വിദൂഷകൻ2. നായിക,നായകൻ,മന്ത്രി 3. നായിക,നായകൻ,സന്ദേശവാഹകൻ 4. രാജാവ്,രാജ്ഞി, വിദൂഷകൾ | |
| f | ഏതു ഭാഷയിൽ നിന്നാണ് സന്ദേശകാവ്യങ്ങൾ മലയാളത്തിലേക്ക് കടന്നുവന്നത്<br>1. തമിഴ് 2. ഹിന്ദി 3. സംസ്കൃതം 4. കന്നഡ | |
| g | ഏതു കാവ്യത്തിന്റെ അനുകരണങ്ങളായാണ് ഭാഷയിൽ സന്ദേശകാവ്യങ്ങൾ പ്രത്യക്ഷപ്പെട്ടത്<br>1. മേഘദൂത് 2. അഭിജ്ഞാനശാകുന്തളം 3. നളചരിതം 4. ഗീതാഗോവിന്ദം | |
| h | സന്ദേശകാവ്യങ്ങളുടെ പൂർവഭാഗത്ത് ഉൾപ്പെടുന്നത് എന്തെല്ലാം | |
| i | ഖണ്ഡികയ്ക്ക് ഉചിതമായ ഒരു ശീർഷകം നൽകുക | |
| **2** | ഏതെങ്കിലും **8** എണ്ണത്തിന് ശരിയുത്തരങ്ങൾ തെരഞ്ഞെടുത്ത എഴുതുക | **1*8=8** |
| a | വല്ലഭൻ എന്ന പദത്തിന്റെ എതിർലിംഗം കണ്ടെത്തുക<br>1. വല്ലഭ 2. ഭാര്യ 3. ഭർത്താവ് 4. പതി | |
| b | യതി എന്ന പദത്തിന്റെ പര്യായപദം തന്നിരിക്കുന്നവയിൽ ഏതാണ്<br>1. സന്യാസി2.ഗാത്രം 3. സൂനം 4. വിപതി | |
| c | വിയോഗം എന്നതിന്റെ വിപരീതപദം ഏത്<br>1.സംയോഗം 2. അടുത്ത് 3.ഇറങ്ങി 4. ലാഭം | |
| d | താര്-താരം എന്നീ പദങ്ങളുടെ ശരിയായ അർത്ഥവ്യത്യാസം തന്നിരിക്കുന്നവയിൽ ഏതാണ്<br>1. കാലം രാജ്യം 2. വാക്ക്- ദ്വാരം 3. പൂവ്-നക്ഷത്രം 4.ഭാഗ്യം-ദർശനം | |
| e | വിദ്യാലയ മുറ്റം എന്ന സമസ്ത പദത്തിന്റെ ശരിയായ വിഗ്രഹാർത്ഥം ഏത്<br>1. വിദ്യാലയത്തിന്റെ മുറ്റം 2. വിദ്യാലയം ആകുന്ന മുറ്റം 3 വിദ്യാലയമെന്ന മുറ്റം 4. വിദ്യാലയ മുറ്റം | |
| f | താഴെ തന്നിരിക്കുന്നവയിൽ ചഞ്ചലം എന്ന പദത്തിന്റെ നാനാർത്ഥമായി വരുന്ന പദം ഏത്<br>1. ക്ഷണികം 2. സുഖം 3. ഭാഗ്യം 4. ശ്രവണം | |
| g | ദശാന്തരേ എന്നതിന്റെ ശരിയായ പിരിച്ചെടുത്ത് ഏത്<br>1.ദശ + അന്തരേ 2.ദശ +ന്തരെ 3. ദശന്താ +രേ 4. ദശ +അരെ | |
| h | താഴെ തന്നിരിക്കുന്നവയിൽ നിർണയം എന്ന പദത്തിന്റെ അർത്ഥം ഏത്<br>1. ഭാഗ്യം 2.മുഴവനം 3. നിശ്ചയം4. വളരെ | |

| | | |
|---|---|---|
| i | താഴെ തന്നിരിക്കുന്നതിൽ ഭീരു എന്നതിന്റെ വിപരീതപദം ഏത്<br>1. അവികലം 2. ധീരൻ 3. അവിവേകം 4. അനിഷ്ടം | |
| **3** | ഏതെങ്കിലും നാലെണ്ണത്തിന് മാത്രം ശരിയുത്തരങ്ങൾ തെരഞ്ഞെടുത്ത എഴുതുക | **4*2=8** |
| a | വത്സ! സൗമിത്രേ!കുമാര! നീ കേൾക്കണം<br>മത്സരാദ്യം വെടിഞ്ഞെന്നുടെ വാക്കുകൾ | |
| i | ഇപ്രകാരം പറഞ്ഞതാര്<br>1. ശ്രീരാമൻ 2. ലക്ഷ്മണൻ 3. ഹനുമാൻ 4. ബാലി | |
| ii | രാമായണം എഴുതിയത് ആര്<br>1. വാല്മീകി 2. വ്യാസൻ 3. ശ്രീരാമൻ 4. ചെറുശ്ശേരി | |
| b | "കണ്ടുടൽ സ്വയമറിഞ്ഞുടാത്തതോർത്തിണ്ടൽ വേണ്ട സഖി"- | |
| i | അറിയാത്തതിന്റെ കാരണമായി ദിവാകരൻ പറയുന്നത് എന്താണ്<br>1. പണ്ടത്തെ ഇളം കുരുന്ന് ഇന്ന് ഒരു വല്ലി ആയിരിക്കുന്നു<br>2. സന്യാസി ആയതു കാരണം ദിവാകരൻ പഴയതൊക്കെ മറന്നു പോയി<br>3. നളിനിയെ ഹിമാലയസാനുക്കളിൽ പ്രതീക്ഷിച്ചിരുന്നില്ല<br>4. നളിനിയെ സന്യാസി വേഷത്തിൽ കാണമെന്ന് ചിന്തിച്ചിരുന്നില്ല | |
| ii | കുമാരനാശാൻ ആദ്യമായി രചിച്ച ഖണ്ഡകാവ്യം ഏത്<br>1.നളിനി 2.കരുണ 3.വീണപൂവ് 4. ലീല | |
| c | "കാലാഹിന പരിഗ്രസ്തമാം ലോകവു-<br>മാലോലചേതസാ ഭോഗങ്ങൾ തേടുന്നു." | |
| i | ലോകത്തെ പരിഗ്രസിച്ചിരിക്കുന്നത് ആരാണ്<br>1. കാലം 2. അഹി<br>3. ഭോഗം 4. ആലോല ചേതസ്സ് | |
| ii | എന്തിനെപ്പോലെയാണ് ലോകം ഭോഗങ്ങൾ തേടുന്നത്<br>1. പാമ്പിനെപ്പോലെ 2. തവളയെ പോലെ<br>3. ചക്ഷു: ശ്രുവണനെപ്പോലെ 4. അപേക്ഷിക്കും പോലെ | |
| d | " സാരമില്ല മകനെ ഇനിയൊന്നും ഓർമ്മിക്കേണ്ടതില്ല"- | |
| i | കഥയിലെ ഈ സന്ദർഭത്തിൽ കഥാപാത്രങ്ങളുടെ ഏത് മനോഭാവമാണ് ആവിഷ്കരിക്കപ്പെടുന്നത്<br>1.മനസ്സിൽ ഘനീഭവിച്ച ദുഃഖത്തിന്റെ ആവിഷ്കാരം<br>2.കുറ്റവാളിയായ മകനോടുള്ള അച്ഛന്റെ പരിഭവം<br>3. പരസ്പരം കാണാതിരുന്ന കണ്ടതിലെ വികാര തള്ളിച്ച<br>4. ആരും തങ്ങൾക്ക് സഹായത്തിന് ഇല്ലെന്ന പരിഭവം | |
| ii | പാഠ സന്ദർഭത്തിൽ നീങ്ങുന്ന തീവണ്ടി മുറിയിൽ നിന്ന് പുറത്തേക്ക് നോക്കും പോലെ നിൽക്കുന്നത് ആരാണ്<br>1. വെള്ളായിയപ്പൻ 2. കണ്ടുണ്ണി 3. പാറാവുകാരൻ 4. ജയിൽ മേധാവി | |

| | | |
|---|---|---|
| e | " ഇങ്ങനെയാണ് മഹാഭാരതയുദ്ധത്തിന്റെ പരിസമാപ്തി"- | |
| i | എങ്ങനെയായിരുന്ന മഹാഭാരതയുദ്ധത്തിന്റെ പരിസമാപ്തി<br>1. പാണ്ഡവരുടെ വിജയത്തോടെ 2. കൗരവരുടെ വിജയത്തോടെ 3. ദുര്യോധനന്റെ മരണത്തോടെ 4. അശ്വ ത്വാമാവിന് ശാപം ലഭിച്ചതോടെ | |
| ii | ആരായിരുന്ന കൗരവപക്ഷത്തെ അവസാനത്തെ സൈന്യാധിപൻ<br>1. ദുര്യോധനൻ 2. കർണ്ണൻ<br>3. ദ്രോണാചാര്യർ 4. അശ്വത്വാമാവ് | |
| **4** | ഏതെങ്കിലും നാലെണ്ണത്തിന് മാത്രം ബ്രാക്കറ്റിൽ നിന്ന് ശരിയുത്തരങ്ങൾ തെരഞ്ഞെടുത്ത എഴുതുക | **4*4=16** |
| a | "അവസാനത്തെ തിരിഞ്ഞുനോട്ടത്തിന്റെ ശ്രദ്ധാഞ്ജലി യോടെ വെള്ളായിയപ്പൻ നടന്നകന്നു" | |
| i | തന്നിരിക്കുന്ന ഏത് സന്ദർഭത്തിലാണ് വെള്ളായിയപ്പൻ ഇങ്ങനെ നടന്നകലുന്നത്<br>1. പാഴ് തറയിൽ നിന്ന് കണ്ണൂരിലേക്ക് തിരിച്ചപ്പോൾ<br>2. തീവണ്ടിയിൽനിന്ന് ഇറങ്ങിപ്പോരുമ്പോൾ<br>3. ജയിലിൽ നിന്ന് കണ്ണുണ്ണിയെ കണ്ടു മടങ്ങുമ്പോൾ<br>4. കടൽത്തീരത്ത് മകന്റെ അന്ത്യകർമ്മം കഴിഞ്ഞു മടങ്ങുമ്പോൾ | |
| ii | ഈ സമയത്ത് വെള്ളായിയപ്പന്റെ മാനസികാവസ്ഥ എന്തായിരിക്കും<br>1.മകനെ കണ്ടല്ലോ എന്ന സംതൃപ്തി<br>2. മകനെ ഇനി കാണാൻ ആവില്ല എന്ന തിരിച്ചറിവ്<br>3. മകൻ കുറ്റവാളിയായതിലെ അപകർഷത<br>4. മകനെ കുറിച്ചുള്ള അഭിമാനം | |
| iii | ശ്രദ്ധാഞ്ജലി എന്ന പദം കൊണ്ട് അർത്ഥമാക്കുന്നത് എന്ത്<br>1. പ്രഭാതവന്ദനം 2. മരിച്ച ആളോടുള്ള ആദരവ്<br>3. സഹതാപം 4. ശ്രദ്ധാപൂർവ്വമായ കൂപ്പുകൈ | |
| iv | ഈ വാക്യം ഉൾക്കൊള്ളുന്ന പാഠഭാഗം ഏതു സാഹിത്യ വിഭാഗത്തിൽപ്പെടുന്നു<br>1. ചെറുകഥ 2. നോവൽ<br>3. നീണ്ട കഥ 4. നോവ ലൈറ്റ് | |
| b | "ഇന്നും പഴിപറഞ്ഞേക്കും,മടങ്ങാതെവയ്യ,<br>തലയ്ക്കകത്തെന്തോ പെരുക്കുന്നു"- | |
| i | ആര് ആരെയാണ് പഴി പറയുന്നത്<br>1. അമ്മ മകനെ 2. മകൻ അമ്മയെ<br>3. ഭാര്യ ഭർത്താവിനെ 4. നാട്ടുകാർ മകനെ | |
| ii | എന്തിനാണ് പഴി പറയുന്നത്<br>1. അമ്മയെ ചികിത്സിക്കാത്തതിന് 2. അമ്മയെ സ്നേഹിക്കാത്തതിന് 3. അമ്മയെ ഉപേക്ഷിക്കാത്തതിന് 4. അമ്മയെ കൊണ്ടുപോകുന്നതിന് | |

| | | |
|---|---|---|
| iii | എവിടെനിന്നാണ് മടങ്ങേണ്ടത്<br>1. ആശുപത്രിയിൽ നിന്ന് 2. മാളിൽ നിന്ന്<br>3. തെരുവിൽ നിന്ന് 4. കോവിലിനു മുന്നിൽ നിന്ന് | |
| iv | ഈ വരികളിലെ ഭാവം എന്താണ്<br>1. തന്നെ കുറിച്ചുള്ള അവജ്ഞ 2. ഭാര്യയോടുള്ള സ്നേഹം<br>3. അമ്മയോടുള്ള സ്നേഹം 4. ഭാര്യയോടുള്ള അവജ്ഞ | |
| c | " ക്രോധം പരിത്യജിക്കണം ബുധജനം" | |
| i | ആര് ആരോട് പറയുന്ന വാക്യമാണിത്<br>1. ശ്രീരാമൻ ലക്ഷ്മണനോട് 2. ലക്ഷ്മണൻ ശ്രീരാമനോട്<br>3. ബാലി ലക്ഷ്മണനോട് 4. ശ്രീരാമൻ ബാലിയോട് | |
| ii | ഏതു പാഠഭാഗത്തിലെ വരികളാണിവ<br>1. പ്രിയദർശനം 2. ലക്ഷ്മണ സാന്ത്വനം<br>3. യുദ്ധത്തിന്റെ പരിണാമം 4. കടൽത്തീരത്ത് | |
| iii | അദ്ധ്യാത്മരാമായണം കിളിപ്പാട്ട് എഴുതിയത് ആര്<br>1. കുമാരനാശാൻ 2. എഴുത്തച്ഛൻ<br>3. ചെറുശ്ശേരി 4. കുഞ്ചൻ നമ്പ്യാർ | |
| iv | എഴുത്തച്ഛൻ സ്വീകരിച്ച ഭാഷയുടെ പ്രത്യേകത എന്ത്<br>1. സംസ്കൃതത്തിന് പ്രാധാന്യമുള്ള മണിപ്രവാളം 2. മലയാളത്തിനു പ്രാധാന്യമുള്ള മണിപ്രവാളം 3. ദ്രാവിഡ ഭാഷ 4. സംസ്കൃതം | |
| d | " കഷ്ടകാലമഖിലം കഴിഞ്ഞു ഹാ!" | |
| i | ഏത് കൃതിയിലെ വരികൾ ആണിവ<br>1. നളിനി 2. ലീല<br>3. കരുണ 4. വീണപൂവ് | |
| ii | ആര് ആരോട് പറയുന്ന വാക്കുകളാണ് ഇവ<br>1. നളിനി ദിവാകരനോട് 2. ദിവാകരൻ നളിനിയോട്<br>3. ആശാൻ വായനക്കാരോട് 4. സന്യാസി നളിനിയോട് | |
| iii | ഏത് സന്ദർഭത്തിലാണ് നളിനി ഇപ്രകാരം പറയുന്നത്<br>1. ദിവാകരനെ കണ്ടുമുട്ടുന്ന സമയത്ത് 2. സന്യാസം സ്വീകരിച്ചപ്പോൾ 3. ദിവാകരൻ തന്നെ മറന്നു എന്നു പറഞ്ഞപ്പോൾ 4. കുട്ടിക്കാലത്തെ ഓർമ്മകളെ കുറിച്ച് പറഞ്ഞപ്പോൾ | |
| iv | താഴെ തന്നിരിക്കുന്നവയിൽ കുമാരനാശാന്റെ കൃതി അല്ലാത്തത് ഏത്<br>1. ചണ്ഡാലഭിക്ഷുകി 2. പ്രരോദനം<br>3. ലീല 4. വാഴക്കുല | |
| e | "ഇടങ്കൈ കൊണ്ട് ഒരു പുൽക്കൊടിയെടുത്ത് ആ ദിവ്യാസ്ത്രം ആപാദിപ്പിച്ച് അപാണ്ഡവായ എന്ന് പറഞ്ഞു വിട്ടു" | |
| i | ആരാണ് പുൽക്കൊടിയിൽ അസ്ത്രം ആപാദിപ്പിച്ചത്<br>1. അർജുനൻ 2. ഏകലവ്യൻ 3. ദ്രൗണി 4. ദ്രോണർ | |

| | | |
|---|---|---|
| ii | പുൽക്കൊടിയിൽ ആപാദിപ്പിച്ചതായി പാഠഭാഗത്ത് പറയുന്ന അസ്ത്രമേത്<br>1. ബ്രഹ്മ ശിരസ്സ് 2. പാശുപതാസ്ത്രം 3. വരുണാസ്ത്രം 4. ആഗ്നേയാസ്ത്രം | |
| iii | ഈ സംഭവം നടന്നത് എവിടെ വച്ചാണ്<br>1. സമന്തപഞ്ചകത്തിൽ 2. ഭഗീരഥി കച്ചത്തിൽ 3. കുരുക്ഷേത്രത്തിൽ 4. പാണ്ഡവ ശിബിരത്തിൽ | |
| iiii | ബ്രഹ്മ ശിരോസ്ത്രം അർജുനന് ആരാണ് ഉപദേശിച്ചത്<br>1. കൃപാചാര്യർ 2. കൃഷ്ണദ്വൈപായനൻ 3. ദ്രോണർ 4. ശ്രീകൃഷ്ണൻ | |
| | **ബി വിഭാഗം/SECTION B** | |
| **5.(a)** | പ്രയോഗം മാറ്റുക | **2*1=2** |
| i | ജയിലിന്റെ പടിക്കൽ പാറാവുകാരൻ വെള്ളായിയപ്പനെ തടഞ്ഞു | |
| ii | അർജുനൻ അശ്വത്തെ ബന്ധിച്ചു | |
| b | അംഗവാക്യം അംഗി വാക്യം എന്നിവ വേർതിരിച്ചെഴുതുക | **2*1=2** |
| i | ഇരുണ്ടു തുടങ്ങുന്ന കരിമ്പനകൾക്ക് മുകളിലൂടെ പക്ഷികൾ പറന്നു കൂട്ടു പറ്റുന്നു | |
| ii | മയക്കം പോകാതെ പരിഭ്രമിച്ചിരുന്ന ധൃഷ്ടദ്യുമ്നന് അനങ്ങാൻ കഴിഞ്ഞില്ല | |
| c | വാക്യത്തിൽ തെറ്റുണ്ടെങ്കിൽ തിരുത്തുക | **2*1=2** |
| i | മുണ്ടകപ്പാടത്തിന്റെ വരമ്പത്ത് തന്റെ ചെറുവിരലിൽ പിടിച്ചുകൊണ്ട് അസ്തമയത്തിന്റെ പക്ഷികളെ നോക്കി അതിശയത്തോടെ അത്ഭുതപ്പെട്ടു നിന്ന മകനെ വെള്ളായിയപ്പൻ ഓർത്തു | |
| ii | രാജാവിന്റെ വിലാപം കേട്ട ആയിരക്കണക്കിന് ജനസഹസ്രങ്ങൾ കണ്ണും നിറച്ച് അങ്ങുമിങ്ങും പാഞ്ഞു പോയി | |
| d | അർത്ഥം മാറാതെ വിധിവാക്യത്തെ നിഷേധ വാക്യമാക്കി മാറ്റുക | **2*1=2** |
| i | അയാൾക്കു പിന്നിൽ ഇരുമ്പഴി വാതിൽ അടയുന്നു | |
| ii | അയാളുടെ കയ്യിൽ ഒരു കടലാസ് പൊതി ഉണ്ടായിരുന്നു | |
| e | ഏതെങ്കിലും രണ്ടെണ്ണം ആശയം വ്യക്തമാകും വിധം സ്വന്തം വാക്യത്തിൽ പ്രയോഗിക്കുക | **2*1=2** |

| | | |
|---|---|---|
| | i. മെനക്കെട്ടുത്തുക ii. തൊണ്ടയിടറി iii. ദുഃഖ സഞ്ചാരം | |
| 6. | ഒന്നര പുറത്തിൽ കവിയാതെ ഉത്തരം എഴുതുക. ഓരോന്നിനും അഞ്ചുമാർക്ക് വീതം | 3*5=15 |
| a | ഏതെങ്കിലും ഒരു വിഷയത്തെക്കുറിച്ച് ഉപന്യസിക്കുക<br>i. നവമാധ്യമങ്ങളും ആധുനിക ലോകവും<br>ii. സ്ത്രീകളുടെ സുരക്ഷ-ഇന്ന് | |
| b | നിങ്ങളുടെ നാട്ടിലെ വെള്ളപ്പൊക്ക കെടുതികൾ വിവരിച്ചു കൊണ്ടും സഹായം അഭ്യർത്ഥിച്ചുകൊണ്ടും പഞ്ചായത്ത് പ്രസിഡന്റ് എന്ന നിലയിൽ ജില്ലാ കളക്ടർക്ക് ഒരു കത്ത് തയ്യാറാക്കുക | |
| c | വിദ്യാലയ പരിസരത്തെ മയക്കമരുന്ന് ഉപയോഗത്തെ സംബന്ധിക്കുന്ന പത്രവാർത്ത തയ്യാറാക്കുക | |
| 7 | താഴെ കൊടുത്തിരിക്കുന്ന ചോദ്യങ്ങൾക്ക് നിർദ്ദേശം അനുസരിച്ച് ഉത്തരം എഴുതുക ( ഓരോന്നിനും മൂന്നു മാർക്ക് വീതം ) | |
| a | ഏതെങ്കിലും ഒരു ചോദ്യത്തിന് മാത്രം ഉത്തരം എഴുതുക | 1*3=3 |
| i | ജീവിതത്തിന്റെ നശ്വരത ബോധ്യപ്പെടുത്തുന്നതിന് ശ്രീരാമൻ എന്തെല്ലാം കാര്യങ്ങളാണ് ലക്ഷ്മണനോട് പറഞ്ഞത് കണ്ടെത്തി എഴുതുക | |
| ii | പൊതിച്ചോറിന് കഥയിൽ സവിശേഷമായ സ്ഥാനമാണുള്ളത് കഥ വിശകലനം ചെയ്ത് ഈ പ്രസ്താവനയോട് പ്രതികരിക്കുക | |
| b | ഏതെങ്കിലും രണ്ട് ചോദ്യങ്ങൾക്ക് മാത്രം ഉത്തരം എഴുതുക | 2*3=6 |
| i | കവിതയിൽ അമ്മയുടെ കണ്ണുകളെ മങ്ങിപ്പഴകിയ പിഞ്ഞാണ വർണ്ണമായി എന്ന് വിശേഷിപ്പിച്ചിരിക്കുന്നത് എന്തുകൊണ്ടാവാം ചർച്ച ചെയ്യുക | |
| ii | ക്രോധം പരിത്യജിക്കണം ബുധജനം - ഈ വാക്യത്തിന്റെ കാലികപ്രസക്തി ചർച്ച ചെയ്തു മുഖപ്രസംഗം തയ്യാറാക്കുക | |
| iii | "പോയതൊക്കെയഥവാ നമുക്കയേ<br>പ്രായവും സപദി മാറി കാര്യവും"<br>ദിവാകരൻ നളിനിയോട് ഇങ്ങനെ പറയുന്നതിന്റെ പൊരുൾ എന്താവാം | |
| c | ഏതെങ്കിലും രണ്ട് ചോദ്യങ്ങൾക്ക് മാത്രം ഉത്തരം എഴുതുക | 2*3=6 |
| i | വെള്ളായിയപ്പൻ യാത്ര പുറപ്പെടുമ്പോൾ വീട്ടിൽനിന്ന് കൂട്ട നിലവിളി ഉയർന്നു കൂട്ടനിലവിളിക്ക് പ്രേരകമായത് എന്തെല്ലാമായിരിക്കും? ചർച്ച ചെയ്യുക | |
| ii | ഭവാന്റെ പണ്ടിഷ്ടയാം നളിനി ഞാൻ<br>നളിനി തന്നെ ഇങ്ങനെ പരിചയപ്പെടുത്തിയതിന് കാരണമെന്താവാം | |

| | | |
|---|---|---|
| iii | അമ്മത്തൊട്ടിൽ എന്ന കവിതയ്ക്ക് ആസ്വാദനം തയ്യാറാക്കുക | |